**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി - അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്**

**സ.ഉ.(സാധാ) നം.925/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/04/2021

---

പരാമർശം:- 1 സ.ഉ. (കൈ) നം. 4/2021/തസ്വഭവ; തീയതി 11.01.2021.

2 സ.ഉ. (സാധാ) നം. 210/2021/തസ്വഭവ; തീയതി 26.01.2021.

3 പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്.

4 സ.ഉ. (സാധാ) നം. 591/2021/തസ്വഭവ; തീയതി 25.02.2021.

5 സ.ഉ. (പി) നം. 53/2021/ധന; തീയതി 18.03.2021.

6 ചീഫ് ഇലക്ടറൽ ഓഫീസറുടെ 21.04.2021-ലെ 1540 (359)/ഇ.എൽ.4/2021/ഇലക്ഷൻ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പരാമർശം 1, 2, 4 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി സമർപ്പണം വരെയുള്ള ആസൂത്രണ ഘട്ടങ്ങൾ ഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങളും പൂർത്തിയാക്കിയെങ്കിലും ഇടയ്ക്ക് വച്ച് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതു കാരണം പദ്ധതി അംഗീകാരം, പ്രോജക്ട് വെറ്റിംഗ് തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വാർഷിക പദ്ധതി അന്തിമമാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളും അംഗീകാര നടപടികളും പൂർത്തിയാക്കുന്നതിന് ഇപ്പോൾ പരാമർശം 3 പ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി അന്തിമമാക്കുന്നതിനും അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനും ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

**2.1 ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം**

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ് 1157 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിരുന്നു. ഇതിൽ 962 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരനടപടികൾ പൂർത്തിയാക്കാൻ ബാക്കിയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, ജില്ലാ ആസൂത്രണ സമിതികൾ പരിശോധിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

### 2.2 പ്രോജക്ട് വെറ്റിംഗ്

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ വെറ്റിംഗിന് അയച്ച് അവയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കാവുന്നതാണ്.

### 2.3 വാർഷിക പദ്ധതി സമർപ്പിക്കാൻ ബാക്കിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ

(1) ആസൂത്രണ നടപടിക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും ജില്ലാ ആസൂത്രണസമിതിക്ക് പദ്ധതി സമർപ്പിക്കാൻ കഴിയാതിരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് വെറ്റിംഗ് സംബന്ധിച്ച നടപടികൾ തുടരാവുന്നതുമാണ്.

(2) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു മുമ്പ് ഗ്രാമ/വാർഡ് സഭകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, കൊവിഡ് മഹാമാരിയുടെ രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ ഒഴിവാക്കി പദ്ധതി അന്തിമമാക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ ചുവടെ ഖണ്ഡിക 2.4(4)-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ വികസന സെമിനാർ ചേരേണ്ടതാണ്.

### 2.4 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി (CFC Sub Plan)

(1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും മലപ്പുറം ഒഴികെയുള്ള മറ്റു മുനിസിപ്പാലിറ്റികളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട്, പരാമർ ശം 4 പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, തുടങ്ങി വച്ച പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതാണ്.

(2) അടിസ്ഥാന വിഹിതം (Basic Grant), പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant/ Tied Grant) എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും മലപ്പുറം ഒഴികെയുള്ള മറ്റു മുനിസിപ്പാലിറ്റികൾക്കും പരാമർശം 5 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള തുകയ്ക്ക് അനുസൃതമായി ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്. കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകൾ സംബന്ധിച്ച്

പരാമർശം 4 പ്രകാരം നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

(എ) **ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ**

- അടിസ്ഥാന വിഹിതം: - മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജന വിമുക്ത പദവി (ODF status) നിലനിർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ( b ) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 5 0 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

**(ബി) മുനിസിപ്പാലിറ്റികൾ (മലപ്പുറം മുനിസിപ്പാലിറ്റി ഒഴികെ)**

- അടിസ്ഥാന വിഹിതം: - മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) ശുചിത്വം (ഖര-ദ്രവ മാലിന്യ സംസ്കരണം ഉൾപ്പെടെ), ശുചിത്വത്തിൽ സ്റ്റാർ പദവി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ (b) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 5 0 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

( 3 ) പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ അനുബന്ധം 7 . 9 ൽ പ്രതിപാദിച്ചിട്ടുള്ള ശുചിത്വത്തെ സംബന്ധിക്കുന്ന സ്റ്റാർ റേറ്റിംഗ് പദവിയും ജലവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് നിശ്ചയിക്കപ്പെടുന്ന സർവീസ് ലവൽ ബഞ്ച്മാർക്കും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ആകണം മുനിസിപ്പാലിറ്റികൾ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) വകയിരുത്തേണ്ടത്.

(4) ഉപ പദ്ധതി (CFC Sub Plan) തയ്യാറാക്കുന്നതിന് ഗ്രാമ/വാർഡ് സഭകൾ പ്രത്യേകം ചേരേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു. എന്നാൽ പ്രത്യേക വികസന സെമിനാർ ചേരണം. വളരെ ചുരുക്കം ആൾക്കാരെ മാത്രം നേരിട്ടും (physical) മറ്റുള്ളവരെ ഓൺലൈനായും പങ്കെടുപ്പിക്കുന്ന രീതിയിലാകണം വികസന സെമിനാർ ചേരേണ്ടത്. ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾ വികസന സെമിനാറിന്റെ ഫോട്ടോ എടുത്ത് കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്യണം.

(5) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയാതിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ പദ്ധതി സമർപ്പിക്കുമ്പോൾ അവക്കൊപ്പമായിരിക്കണം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപ പദ്ധതി സമർപ്പിക്കേണ്ടത്.

( 6 ) ഉപപദ്ധതി ഒരു പ്രത്യേക രേഖയാക്കി തയ്യാറാക്കേണ്ടതും പദ്ധതി രേഖയുടെ അനുബന്ധമായി കൂട്ടിച്ചേർക്കേണ്ടതുമാണ്. ഉപപദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടാകണം. ആദ്യഭാഗം ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന 'ജല-ശുചിത്വ സേവനങ്ങൾക്കുള്ള പദ്ധതിയും' രണ്ടാം ഭാഗം 'ജല - ശുചിത്വ സേവനങ്ങൾ ഒഴികെയുള്ള മറ്റു വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും' ആയിരിക്കണം.

**2.5 നഗര സഞ്ചയങ്ങൾക്കുള്ള (Urban Agglomerations) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം**

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ നഗര സഞ്ചയങ്ങൾക്ക് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) മാത്രമാണ് ലഭിക്കുക. അടിസ്ഥാന വിഹിതം ഇല്ല. നഗര സഞ്ചയ പ്രദേശങ്ങൾക്കുള്ള ഉപപദ്ധതി ഇപ്പോൾ തയ്യാറാക്കേണ്ടതില്ല. ഇതിനുള്ള അവസരം പിന്നീട് നൽകുന്നതാണ്.

**2.6 സ്പിൽ ഓവർ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കൽ, വാർഷിക പദ്ധതി പരിഷ്കരിക്കൽ തുടങ്ങിയവ**

(1) 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും മാർച്ച് 31-ന് നിർവഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകളിൽ, ഭേദഗതി ഇല്ലാതെ സ്പിൽ ഓവർ ആയി തുടരേണ്ട പ്രോജക്ടുകൾ സംബന്ധിച്ച ഭരണ സമിതി തീരുമാനമെടുത്തു തുടർന്ന് നടപ്പാക്കാവുന്നതും 2021-22 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും പേയ്മെന്റ് നടത്താവുന്നതുമാണ്. ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമാണ്.

(2) സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അനുവദനീയമായ ക്യാരി ഓവർ വിഹിതം സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്. ഇപ്രകാരം നിശ്ചയിക്കപ്പെടുന്ന പരിധിക്കുള്ളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾക്കൊള്ളിക്കേണ്ടതും ബാക്കിയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ട തുക 2021-22 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതുമുണ്ട്. ഇത്തരം ക്രമീകരണങ്ങൾക്കും സ്പിൽ ഓവർ പ്രോജക്ടുകളുടെ ഭേദഗതിക്കും ഉള്ള അവസരം പിന്നീട് വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം നൽകുന്നതാണ്.

2.7 **സമയക്രമം**

വാർഷിക പദ്ധതിയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതിയും 2021 മെയ് 10-നകം ജില്ലാ ആസൂത്രണ സമിതിക്ക സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
7. പഞ്ചായത്ത് ഡയറക്ടർ.
8. നഗരകാര്യ ഡയറക്ടർ.
9. ഗ്രാമവികസന കമ്മീഷണർ.
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും.
13. എല്ലാ ജില്ലാകളക്ടർമാർക്കും.
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും.
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്).
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും.
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
21. ഡയറക്ടർ ജനറൽ, കില.
22. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2021.04.29 10:52:48 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക് .
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ  പി.എയ്ക്ക്.